# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3783 | 15.03.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക നികുതി നിർവ്വഹണത്തിനുള്ള സ്വകാര്യ കമ്പനി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>,, ജി.എസ്.ജയലാൽ<br>,, കെ. രാജൻ<br>ശ്രീമതി സി.കെ. ആശ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക നികുതി നിർവ്വഹണത്തിനുള്ള സ്വകാര്യ കമ്പനി (ജി. എസ്. റ്റി. എൻ.) യുടെ ഘടന എന്താണ്; | (എ) | ചരക്ക സേവന നികുതി നെറ്റ് വർക്ക് കമ്പനീസ് ആക്ടിലെ സെക്ഷൻ 8 (പുതിയത്) പ്രകാരം രൂപീകരിക്കപ്പെട്ട സർക്കാർ ഇതര പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് ജി.എസ്.റ്റി.എൻ. ഈ കമ്പനിയിൽ ഭാരത സർക്കാരിന് 24.5 ശതമാനം ഓഹരിയും മറ്റ് സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കുമായി 24.5 ശതമാനം ഓഹരിയുമാണുള്ളത്. ബാക്കിയുള്ള 51 ശതമാനം ഓഹരിയും നോൺ ഗവൺമെന്റ് ഫിനാൻസ് സ്ഥാപനങ്ങളായ (1) LIC Housing Finance Ltd. (2) ICICI Bank Ltd. (3) HDFC Ltd. (4) HDFC Bank Ltd. (5) NSE Strategic Investment Corporation Ltd. - നുമാണുള്ളത്. |
| (ബി) | ഇതിൽ കേരള സർക്കാരിന് എത്ര വിഹിതം ഉണ്ട്; | (ബി) | കേരളത്തിന് 79,000 ഓഹരിയാണുള്ളത്. |
| (സി) | നെറ്റ് വർക്ക് ഉപയോഗിക്കുന്നതിന് കേരള സർക്കാർ പണം നൽകേണ്ടി വരുന്നുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | സംസ്ഥാനങ്ങൾക്ക് ഈ കമ്പനിയിൽ എത്ര മാത്രം അധികാരമാണുള്ളത്; വിശദമാക്കുമോ? | (ഡി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് മൂലധന പങ്കാളിത്തമുള്ള കമ്പനി നിയമത്തിലെ സെക്ഷൻ 25 (പഴയത്) പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനിയാണ് |

| | | | |
|---|---|---|---|
| | | | GSTN.കേന്ദ്ര സംസ്ഥാന വകുപ്പുകളിൽ രജിസ്ട്രേഷനുള്ള എല്ലാ വ്യാപാരികളേയും GST യിലേക്ക് Migrate ചെയ്യുന്നതിനും രജിസ്ട്രേഷൻ റിട്ടേൺ ഫയലിംഗ്, ഈ പേമെന്റ് എന്നിവ നടത്തുന്നതിനുമുള്ള IT സംവിധാനമായ Common Portal തയ്യാറാക്കുന്ന ചുമതലയാണ് GSTN ന് നൽകിയിട്ടുള്ളത്. ആയതിനാൽ ഈ കമ്പനിയിൽ കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് പ്രത്യേക അധികാരം വ്യവസ്ഥ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**